(എ) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ അരിയൂരിൽ അനുവദിച്ച വഴിയോരവിശ്രമകേന്ദ്രത്തിന്റെ പണി തുടങ്ങുന്നതിനുള്ള നടപടി തുടങ്ങിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ)&(ബി) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് കേന്ദ്രസഹായത്തോടെ ഒരു യാത്രിനിവാസ് പണിയുന്നതിന് പ്രോജക്ട് സമർപ്പിക്കുകയും കേന്ദ്രാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് എത്രയും വേഗം ഭരണാനുമതി നൽകുന്നതാണ്. പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലം ടൂറിസം വകുപ്പ് ഏറ്റെടുത്തുകഴിഞ്ഞു.

162 (2477) 'സാഗരറാണി' ആലപ്പുഴ ജില്ലാ ടൂറിസം കൗൺസിലിന് കൈമാറാൻ നടപടി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടെ 1990 - ൽ നിർമ്മിച്ച ' സാഗരറാണി' എന്ന ലക്ഷ്വറിവെസ്സൽ പൊളിച്ചു വിൽക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആലപ്പുഴയിൽ ഫ്ളോട്ടിംഗ് റിസോർട്ടും റെസ്റ്റോറന്റും ആരംഭിക്കുന്നതിന്, കൊല്ലം ഡി.റ്റി.പി.സി. ക്ക് 'അഷ്ടമുടി' എന്ന ജലയാനം കൈമാറിയ വ്യവസ്ഥയിൽ ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് 'സാഗരറാണി' കൈമാറണമെന്ന ആവശ്യത്തിൻമേൽ എന്തു തീരുമാനമെടുത്തു;

(സി) 'ഡെസ്റ്റിനേഷൻ കേരള പ്രോഗ്രാമിലെ' പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമാക്കി ആലപ്പുഴയെ പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 'സാഗരറാണി' കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കുന്നതിനുള്ള ശ്രമം നടത്തി എങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ആ ജലയാനം ലാഭകരമായിരിക്കില്ല എന്ന് ബോധ്യമായതിനാൽ അത് കണ്ടം ചെയ്ത് ലേലത്തിൽ വിൽക്കാൻ 13-4-99 ൽ ഗവൺമെന്റ് അനുമതി നൽകി.

(ബി) 'സാഗരറാണി' എന്ന ജലയാനം ലേലത്തിൽ വിൽക്കാൻ തീരുമാനിച്ച വിവരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

163 (2478) ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിന്റെ പണി

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly